روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

# സമ്പത്ത് ഇസ്‌ലാമിൽ

19/02/2021

بسم الله الرحمن الرحيم

- മനുഷ്യരായ നാം നേടുന്നതെല്ലാം നല്ലതാകണം എന്ന് ആഗ്രഹിക്കുന്നവർ.
- നിത്യ ജീവിതത്തിൽ വാങ്ങുന്ന ഓരോന്നും എടുത്തു നോക്കിയാൽ പോലും ഇത് പ്രകടമാണ്.
- നമ്മുടെ ജീവിതത്തിൽ ഏറ്റവും ആവശ്യമുള്ള വിഷയമായ സമ്പത്ത് പരിശുദ്ധമാകണം എന്ന് നാം ആഗ്രഹിക്കാറുണ്ടോ?

❖ **ഇത് നബി (സ്വ) താക്കീതു നൽകിയ ഒരു കാര്യമാണ്.**

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ : " يَأْتِي عَلَى النَّاسِ زَمَانٌ لَا يُبَالِي الْمَرْءُ مَا أَخَذَ مِنْهُ ؛ أَمِنَ الْحَلَالِ أَمْ مِنَ الْحَرَامِ".

- അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: ഹറാമിൽ നിന്നാണോ ഹലാലിൽ നിന്നാണോ താൻ എടുത്തത് എന്ന് നോക്കാതെ മനുഷ്യൻ ധനം വാരിക്കൂട്ടുന്ന കാലം വരാനിരിക്കുന്നു. (ബുഖാരി)
- സമൂഹത്തിൽ ഹറാമായ സമ്പത്തിന്റെ വിഷയത്തിൽ ശ്രദ്ധയില്ലാത്ത ഒരു കൂട്ടം ആളുകൾ വളരുന്നുണ്ട്.

❖ **സമ്പത്തിനെ സ്നേഹിക്കുന്നവരും അതിനു വേണ്ടി അദ്ധ്വാനിക്കുന്നവരുമാണ് മനുഷ്യർ.**

وَتُحِبُّونَ الْمَالَ حُبًّا جَمًّا (الفجر: ٢٠)

وَإِنَّهُ لِحُبِّ الْخَيْرِ لَشَدِيدٌ (العاديات: ٨)

زُيِّنَ لِلنَّاسِ حُبُّ الشَّهَوَاتِ مِنَ النِّسَاءِ وَالْبَنِينَ وَالْقَنَاطِيرِ الْمُقَنْطَرَةِ مِنَ الذَّهَبِ وَالْفِضَّةِ وَالْخَيْلِ الْمُسَوَّمَةِ وَالْأَنْعَامِ وَالْحَرْثِ ذَلِكَ مَتَاعُ الْحَيَاةِ الدُّنْيَا وَاللَّهُ عِنْدَهُ حُسْنُ الْمَآبِ (آل عمران: ١٤)

- ദീനാറിന്റെയും ദിർഹമിന്റെയും ഉടമ നശിക്കട്ടെ.

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ:"تَعِسَ عَبْدُ الدِّينَارِ، تَعِسَ عَبْدُ الدِّرْهَمِ، تَعِسَ عَبْدُ الْخَمِيصَةِ، إِنْ أُعْطِيَ رَضِيَ، وَإِنْ مُنِعَ سَخِطَ،

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: ദീനാറിന്റെ അടിമ നശിക്കട്ടെ. ദിർഹമിന്റെ അടിമ നശിക്കട്ടെ, മുന്തിയ വസ്ത്രങ്ങളുടെ അടിമ നശിക്കട്ടെ. അവന് വല്ലതും കിട്ടിയാൽ അവൻ തൃപ്തിപ്പെടും, അവൻ തടയപ്പെട്ടാൽ അവൻ കോപിക്കും.

❖ **എത്ര കിട്ടിയാലും മതി വരാത്ത മനുഷ്യ സ്വഭാവം.**

عن عبدالله بن عباس: لَوْ كانَ لِابْنِ آدَمَ وادِيانِ مِن مالٍ لابْتَغى ثالِثًا، ولا يَمْلَأُ جَوْفَ ابْنِ آدَمَ إلّا التُّرابُ، ويَتُوبُ اللَّهُ على مَن تابَ. (البخاري)

- സമ്പത്ത് നാം ഉപയോഗിക്കുന്നത് ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിലാണ്.
- ഈ മേഖലകളിലെല്ലാം പാലിക്കേണ്ട നിർദേശങ്ങൾ ഇസ്ലാമിൽ കാണാം.

❖ **സമ്പത്തിനെക്കുറിച്ച് ഇസ്ലാം പഠിപ്പിച്ച ചില വിഷയങ്ങൾ**

1. **സമ്പത്ത് പരീക്ഷണമാണ്.**

الْمَالُ وَالْبَنُونَ زِينَةُ الْحَيَاةِ الدُّنْيَا (الكهف: ٤٦)

- **എന്റെ സമുദയത്തിനുള്ള ഫിത്ന സമ്പത്താണ്.**

عَنْ كَعْبِ بن عِيَاضٍ، قَالَ:سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، يَقُولُ: إِنَّ لِكُلِّ أُمَّةٍ فِتْنَةٌ، وَإِنَّ فِتْنَةَ أُمَّتِي الْمَالُ(طبراني)

- **സമ്പത്തിനെക്കുറിച്ച് പരലോകത്ത് വിചാരണ നേരിടണം**

عن عبدالله بن مسعود: لا تَزولُ قدما ابنِ آدمَ يومَ القيامةِ حتى يُسئَلَ عن خمسٍ: عن عمرِهِ فيمَ أفناهُ، وعن شبابِهِ فيمَ أبلاهُ، وعن مالِهِ من أين اكتسبَهُ وفيمَ أنفقَهُ، وماذا عَمِلَ فيما عَلِمَ (الترمذي)

2. **വിശിഷ്ടമായത് ഭക്ഷിക്കണം.**

وَلَا تَأْكُلُوا أَمْوَالَكُمْ بَيْنَكُمْ بِالْبَاطِلِ وَتُدْلُوا بِهَا إِلَى الْحُكَّامِ لِتَأْكُلُوا فَرِيقًا مِنْ أَمْوَالِ النَّاسِ بِالْإِثْمِ وَأَنْتُمْ تَعْلَمُونَ (١٨٨)

- അനുവദനീയവും ന്യായവുമല്ലാത്ത ഏതൊരു മാർഗത്തിലൂടെയും ഒരാൾ മറ്റൊരാളുടെ ധനം കൈക്കലാക്കുവാൻ പാടില്ലെന്ന് ഈ ആയത്ത് പഠിപ്പിക്കുന്നു.
- മറ്റുള്ളവരുടെ സമ്പത്ത് സ്വന്തമാക്കാൻ വേണ്ടി കോടതികളെ സമീപിക്കുന്നവരുണ്ട്.
- അത്തരം പ്രവർത്തികളെ മുകളിൽ പറഞ്ഞ ആയത്തിലൂടെ പ്രത്യേകം നിരോധിച്ചിരിക്കുന്നു. (അമാനി മൌലവിയുടെ പരിഭാഷ നോക്കുക )

3. **മറ്റൊരാളുടെ അവകാശം ഹനിക്കുന്നവർ...**

عَنْ أُمِّ سَلَمَةَ زَوْجِ النَّبِيِّ ﷺ أَنَّ رَسُولَ اللَّهِ ﷺ قَالَ: "إِنَّمَا أَنَا بَشَرٌ وَإِنَّكُمْ تَخْتَصِمُونَ إِلَيَّ وَلَعَلَّ بَعْضَكُمْ أَنْ يَكُونَ أَلْحَنَ بِحُجَّتِهِ مِنْ بَعْضٍ فَأَقْضِيَ لَهُ عَلَى نَحْوِ مَا أَسْمَعُ مِنْهُ فَمَنْ قَضَيْتُ لَهُ بِشَيْءٍ مِنْ حَقِّ أَخِيهِ فَلَا يَأْخُذَنَّهُ فَإِنَّمَا أَقْطَعُ لَهُ قِطْعَةً مِنَ النَّارِ" (بخاري)

നിശ്ചയമായും ഞാൻ ഒരു മനുഷ്യൻ മാത്രമാണ് നിങ്ങൾ എന്റെ അരികിൽ വന്ന് തർക്കിക്കുന്ന സമയത്ത് തെളിവുകൾ ഉദ്ധരിക്കുമ്പോൾ ചിലർ ചിലരേക്കാൾ വാക് ചാതുര്യം

കൊണ്ട് മികച്ച് നിന്നേക്കാം അപ്പോൾ ഞാൻ കേട്ടതിനടിസ്ഥാനത്തിൽ അവന് അനുകൂലമായി വിധിക്കുകയും ചെയ്യും തന്റെ സഹോദരന്റെ അവകാശത്തിൽ നിന്നും ആർക്കെങ്കിലും വല്ലതും ഞാൻ വിധിച്ചിട്ടുണ്ടെങ്കിൽ ഒരിക്കലും അവനത് എടുത്ത് കൊള്ളരുത് അങ്ങനെ ചെയ്യുന്ന പക്ഷം നരകത്തിൽ നിന്നുള്ള ഒരു കഷ്ണമാണ് ഞാനവന് മുറിച്ച് നൽകുന്നത്.

- **അബൂബക്കർ (റ) പറഞ്ഞത്;**

عَنْ أَبِي بَكْرٍ رَضِيَ اللَّهُ عَنْهُ، أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ: لا يَدْخُلُ الْجَنَّةَ جَسَدٌ غُذِّيَ بِالْحَرَامِ (بيهقي)
അബൂബക്കറിൽ(റ) നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: ഹറാമിനാൽ പോഷണം നൽകപ്പെട്ട യാതൊരു ശരീരവും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. (ബൈഹഖി)

- **ഇമാം അഹ്മദ് (റഹി) യോട് ഒരാൾ ചോദിച്ചു.**

بِمَ تَلِينُ الْقُلُوبُ ؟ قَالَ: بِأَكْلِ الحَلاَلِ
ഹൃദയങ്ങൾ ലോലമാകാൻ എന്തു വേണം? അദ്ദേഹം പറഞ്ഞു ഹലാല് ഭക്ഷിക്കുക.

### 4. കച്ചവട രംഗത്ത് നിഷിദ്ധം വരരുത്.

........ فَأَوْفُوا الْكَيْلَ وَالْمِيزَانَ وَلَا تَبْخَسُوا النَّاسَ أَشْيَاءَهُمْ وَلَا تُفْسِدُوا فِي الْأَرْضِ بَعْدَ إِصْلَاحِهَا ذَٰلِكُمْ خَيْرٌ لَكُمْ إِنْ كُنْتُمْ مُؤْمِنِينَ (أعراف: ٨٥)

- **ന്യൂനതകൾ മറച്ചു വെച്ച് കച്ചവടം ചെയ്യരുത്.**

عن عقبة بن عامر: المسلمُ أخو المسلمِ ولاَ يحلُّ لمسلمٍ باعَ من أخيهِ بيعًا فيهِ عيبٌ إلاَّ بيَّنَهُ لَه (ابن ماجه)
മുസ്ലിം മുസ്ലിമിന്റെ സഹോദരനാണ്. താൻ കച്ചവടം നടത്തുന്ന ചരക്കിൽ വല്ല ന്യൂനതയും ഉണ്ടായിട്ട് അത് വെളിപ്പെടുത്താതെ കച്ചവടം നടത്താൻ ഒരു മുസ്ലിമിന് പാടുള്ളതല്ല. (ഇബ്നുമാജ)

- **കൊള്ള ലാഭം പാടില്ല.**

عَنِ ابْنِ عُمَرَ ـ رضى الله عنهما ـ قَالَ نَهَى النَّبِيُّ صلى الله عليه وسلم عَنِ النَّجْشِ
ഇബ്നു ഉമറിൽ(റ) നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: ചരക്കിന് വില കൂട്ടുതൽ വാങ്ങുന്നതിനെ (കൊള്ളലാഭത്തെ) നബി(സ്വ) വിരോധിച്ചിരിക്കുന്നു. (ബുഖാരി:൨൧൪൨)

### 5. ചികിത്സയിൽ നിഷിദ്ധം വരരുത്

عَنْ أُم الدرداء عَنْ أَبِي الدَّرْدَاءِ رضي الله عنهما - قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: "إِنَّ اللَّهَ أَنْزَلَ الدَّاءَ وَالدَّوَاءَ، وَجَعَلَ لِكُلِّ دَاءٍ دَوَاءً، فَتَدَاوَوْا، وَلَا تَدَاوَوْا بِحَرَامٍ".

### ❖ ഹറമായ സമ്പത്തു കലർന്നാൽ

### 1. ബറക്കത്ത് നഷ്ടമാകും.

عن حكيم بن حزام: البَيِّعانِ بالخِيارِ ما لَمْ يَتَفَرَّقا، فإنْ صَدَقا وبَيَّنا بُورِكَ لهما في بَيْعِهِما، وإنْ كَذَبا وكَتَما مُحِقَتْ بَرَكَةُ بَيْعِهِما ( بخاري ومسلم)

ഹകീം ബിന് ഹിസാം (റ) നിവേദനം: നബി (സ്വ) പറഞ്ഞു: "വിൽക്കുന്നവനും വാങ്ങുന്നവനും (കച്ചവടമുറപ്പിച്ച്) വേർപിരിയുന്നതിന് മുമ്പ് തീരുമാനമെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. അവർ സത്യസന്ധതയും സുതാര്യതയും കാത്തുസൂക്ഷിക്കുന്നുവെങ്കിൽ അവരുടെ കച്ചവടത്തിൽ അല്ലാഹു 'ബറക്കത്ത്' ചൊരിയും. ഇനി കളവ് പറഞ്ഞുകൊണ്ടും കാര്യങ്ങൾ മൂടിവെച്ചുകൊണ്ടുമാണ് അവർ കച്ചവടം ചെയ്യുന്നതെങ്കിൽ അവരുടെ കച്ചവടത്തിന്റെ ബറക്കത്ത് തന്നെ നീക്കം ചെയ്യപ്പെടും". [മുത്തഫഖുന് അലൈഹി].

**2. പ്രാർത്ഥന സ്വീകരിക്കില്ല.**

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : أَيُّهَا النَّاسُ، إِنَّ اللَّهَ طَيِّبٌ لَا يَقْبَلُ إِلَّا طَيِّبًا، وَإِنَّ اللَّهَ أَمَرَ الْمُؤْمِنِينَ بِمَا أَمَرَ بِهِ الْمُرْسَلِينَ، فَقَالَ { يَا أَيُّهَا الرُّسُلُ كُلُوا مِنَ الطَّيِّبَاتِ وَاعْمَلُوا صَالِحًا إِنِّي بِمَا تَعْمَلُونَ عَلِيمٌ }، وَقَالَ : يَا أَيُّهَا الَّذِينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ }، ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ يَمُدُّ يَدَيْهِ إِلَى السَّمَاءِ : يَا رَبِّ يَا رَبِّ، وَمَطْعَمُهُ حَرَامٌ، وَمَشْرَبُهُ حَرَامٌ، وَمَلْبَسُهُ حَرَامٌ، وَغُذِيَ بِالْحَرَامِ، فَأَنَّى يُسْتَجَابُ لِذَلِكَ

**സഅദ് (റ) വിനോട് നബി (സ്വ) പറഞ്ഞത്.**

يا سعدُ، أَطِبْ مَطْعَمَكَ؛ تَكُنْ مُستَجابَ الدَّعوةِ .

സഅദെ, ഭക്ഷണം നന്നാക്കുക, എങ്കിൽ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കും.

**3. സൽകർമ്മങ്ങൾ സ്വീകരിക്കില്ല.**

«إِنَّ اللهَ طَيِّبٌ لاَ يَقْبَلُ إِلاَّ طَيِّباً»

അല്ലാഹു നല്ലവനാണ്. അവൻ നല്ലതു മാത്രമേ സ്വീകരിക്കൂ.

➤ **ഇബ്നു അബ്ബാസ് (റ) പറഞ്ഞു;**

وقال ابن عباس -رضي الله عنهما-: لا يقبلُ اللهُ صلاةَ امْرِئٍ وَفِي جَوفِهِ حَرامٌ حَتىَّ يَتُوبَ إِلىّ الله -تعالى- مِنْهُ."

ഇബ്നു അബ്ബാസ് (റ) പറഞ്ഞു; ഒരാളുടെ ഉള്ളിൽ ഹറാം ഉണ്ടായിരിക്കെ അതിൽ നിന്ന് അല്ലാഹുവിലേക്ക് പശ്ചാതപിച്ച് മടങ്ങുന്നതു വരെ അവന്റെ നമസ്കാരം സ്വീകരിക്കുകയില്ല.

➤ **സുഫ് യാനു സൌരി (റഹി) പറഞ്ഞു;**

قال سفيان الثوري: "منْ أَنْفقَ الحرامَ في الطاعَةِ كَمَنْ طَهَّرَ الثَّوبَ بِالبَولِ، والثَّوبُ لا يُطَهِّرُهُ إِلَّا الْمَاءُ، والذنْبُ لاَ يُكفِّرُهُ إلاَّ الحلاَلُ، كيفَ يُقْبَلُ مِنْ آكِلِ الحرَامِ عَمَلٌ أَوْ يُرْفَعُ لَهُ دُعَاءٌ واللهُ -تَعالَى- يقول: (إِنّمَا يَتَقَبّلُ اللهُ مِنَ الْمُتّقِينَ) [المائدة:٢٧].

സുഫ് യാനു സൌരി (റഹി) പറഞ്ഞു; ഹറാമായ സമ്പാദ്യം നന്മയിൽ ധാനം ചെയ്യുന്നവൻ മൂത്രം കൊണ്ട് വസ്ത്രം ശുദ്ധിയാക്കുന്നവനെപ്പോലെയാണ് വെള്ളം കൊണ്ടല്ലാതെ വസ്ത്രം

വൃത്തിയാവില്ലല്ലോ അതുപോലെ ഹലാൽ - ധാനം ചെയ്യുന്നത് കൊണ്ട് - മാത്രമാണ് പാപങ്ങൾ മായ്ക്കപ്പെടുന്നത് നിഷിദ്ധ ങ്ങൾ കഴിക്കുന്നവന്റെ കർമ്മങ്ങൾ എങ്ങനെയാണ് സ്വീകരിക്കപ്പെടുക അവന്റെ പ്രാർത്ഥന-അള്ളാഹുവിലേക്ക് - എങ്ങനെ ഉയർത്തപ്പെടും അള്ളാഹു പറയുന്നത് നോക്കൂ. (സൂറത്തുൽ മാഇദ- ൨൭)

**4. പരലോകത്ത് കഠിനമായ ശിക്ഷ.**

عَنْ جابر بن عبد الله رضي الله عنهما عَنِ النَّبِيِّ صلى الله عليه وسلم قَالَ لَا يَدْخُلُ الْجَنَّةَ لَحْمٌ نَبَتَ مِنْ سُحْتٍ، النَّارُ أَوْلَى بِهِ (أحمد)

ജാബിർ (റ) വിൽ നിന്നും ; അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: ഹറാമായ സമ്പത്തിലൂടെ വളരുന്നമാംസം ഒരിക്കലും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. ഹറാമായ സമ്പത്തിലൂടെ വളരുന്ന ശരീരത്തിന് ഏറ്റവും അർഹമായത് നരകാഗ്നിയാണ്. (അഹ്മദ്)

**❖ സലഫുകൾ നിഷിദ്ധമായ സമ്പത്തിനെക്കുറിച്ച് പറഞ്ഞത്**

**1. മുഹമ്മദ് നബി (സ്വ)**

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ عَنِ النَّبِيِّ صلى الله عليه وسلم قَالَ : إِنِّي لأَنْقَلِبُ إِلَى أَهْلِي، فَأَجِدُ التَّمْرَةَ سَاقِطَةً عَلَى فِرَاشِي فَأَرْفَعُهَا لآكُلَهَا، ثُمَّ أَخْشَى أَنْ تَكُونَ صَدَقَةً فَأُلْقِيَهَا

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: ഞാൻ സ്വകുടുംബത്തിൽ തിരിച്ചു ചെല്ലുമ്പോൾ ഒരു ഈത്തപ്പഴം എന്റെ വിരിപ്പിൽ കിടക്കുന്നത് ചിലപ്പോൾ കാണും. അതു തിന്നാൻ വേണ്ടി ഞാൻ എടുക്കും. അപ്പോൾ അത് സക്കാത്ത് വകയിൽപ്പെട്ടതാണോ എന്ന് ഭയന്നിട്ട് ഞാനത് വർജ്ജിക്കും. (ബുഖാരി)

**2. അബൂബക്കർ (റ)**

كُنْتُ تَكَهَّنْتُ لإِنْسَانٍ فِي الْجَاهِلِيَّةِ وَمَا أُحْسِنُ الْكِهَانَةَ، إِلاَّ أَنِّي خَدَعْتُهُ، فَلَقِيَنِي فَأَعْطَانِي بِذَلِكَ، فَهَذَا الَّذِي أَكَلْتَ مِنْهُ. فَأَدْخَلَ أَبُو بَكْرٍ يَدَهُ فَقَاءَ كُلَّ شَيْءٍ فِي بَطْنِهِ

ഞാൻ ജാഹിലിയ്യാ കാലത്ത് ജോൽസ്യവേലയിൽ നല്ല പിടിപാടില്ലാതിരുന്നിട്ടും ഒരാൾക്കുവേണ്ടി ജോത്സ്യം ചെയ്തു. ഞാൻ അയാളെ പറ്റിക്കുകയാണ് ചെയ്തത്. അയാൾ എന്നെക്കണ്ടു. അയാൾ എനിക്കതിന് കൂലി നൽകി. ഈ ഭക്ഷണം അതുകൊണ്ടുള്ളതാണ്. അതോടെ അബൂബക്കർ (റ) തന്റെ വിരലുകൾ വായിലേക്ക് തിരുകി വയറ്റിലുള്ളതെല്ലാം ഛർദ്ദിച്ചു.(ബുഖാരി)

**3. അബ്ദുല്ലാഹ് ഇബ്നു ഉമർ (റ) പറഞ്ഞു;**

لَرَدُّ دَانِقٍ مِنْ حَرَامٍ أَفْضَلُ مِنْ مِائَةِ أَلْفٍ تُنْفَقُ فِي سَبِيلِ الله

ഹറമായ ഒരു ദാനക് (ഒരു ദിർഹമിന്റെ ആറിലൊന്ന്) ഒഴിവാക്കുകയാണ്, ഒരു ലക്ഷം അല്ലാഹുവിന്റെ മാർഗത്തിൽ ചിലവൊഴിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായത്.

**4. അബ്ദുല്ലാഹ് ഇബ്നു മുബാറക്ക് (റഹി) പറഞ്ഞു**

لَئِنْ أَرُدَّ دِرْهَماً مِنْ شُبْهَةٍ أَحَبُّ إِلَيَّ مِنْ أَنْ أَتَصَدَّقَ بِسِتِّمِائَةِ أَلْفٍ

സംശയാസ്പദമായ ഒരു ദിർഹം വേണ്ടെന്ന് വെക്കലാണ് ആറു ലക്ഷം ദാനം ചെയ്യുന്നതിനേക്കാൾ ഇഷ്ടപ്പെടുന്നത്.

❖ **ശ്രദ്ധിക്കുക.**

- പണം സമ്പാദിക്കാൻ ധാരാളം മാർഗങ്ങളുണ്ട്. പക്ഷെ അനുവദനീയമായ മാർഗത്തിലൂടെയാണ് സമ്പാദിക്കുന്നത് എന്നു ഉറപ്പു വരുത്തുക.
- നിഷിദ്ധമായ മാർഗങ്ങൾ (പലിശ, ചൂതാട്ടം, തട്ടിപ്പ്) വിശ്വാസികൾക്ക് ചേർന്നതല്ലെന്ന് മനസ്സിലാക്കി ജീവിക്കുക.

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.